ഉത്തരം

(എ) 60 വിദ്യാർത്ഥികൾക്ക് താമസിക്കാൻ സൗകര്യമുള്ള പട്ടാമ്പി പോസ്റ്റുമെട്രിക് ഹോസ്റ്റൽ 10 വിദ്യാർത്ഥികൾക്ക് മാത്രമായി നടത്തിക്കൊണ്ടു പോകുന്നത് സർക്കാരിന് ബാദ്ധ്യതയാണെന്ന് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് ടീമിന്റെ പരിശോധനയിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് പോസ്റ്റുമെട്രിക് ഹോസ്റ്റൽ നിറുത്തലാക്കാനും വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന കൊപ്പം പ്രീമെട്രിക് ഹോസ്റ്റൽ ടി കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുവാനും തീരുമാനിച്ചത്.

(ബി ആന്റ് സി) ജനപ്രതിനിധികളുടെ അഭ്യർത്ഥന മാനിച്ച് ഈ വർഷം വീണ്ടും അപേക്ഷ ക്ഷണിക്കാനും വേണ്ടത്ര കുട്ടികളെ ലഭ്യമായാൽ പ്രീമെട്രിക് ഹോസ്റ്റലിനോടൊപ്പം പോസ്റ്റുമെട്രിക് ഹോസ്റ്റലും നടത്തിക്കൊണ്ടുപോകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി ആന്റ് ഇ) 60 പേർക്ക് താമസിക്കാവുന്നിടത്ത് 10 വിദ്യാർത്ഥികളെ താമസിപ്പിച്ച് ഹോസ്റ്റൽ നടത്തിക്കൊണ്ടുപോകാനാവില്ല. മാത്രമല്ല പ്രീമെട്രിക് ഹോസ്റ്റൽ നടത്താൻ വേണ്ടത്ര സൗകര്യവുമില്ല. കുട്ടികളുടെ ബുദ്ധിമുട്ട് പരിഹരിക്കാനുള്ള ഏകമാർഗ്ഗമാണ് സ്വീകരിച്ചിട്ടുള്ളത്. ഹോസ്റ്റൽ അടച്ചുപൂട്ടാത്തിടത്തോളം പ്രക്ഷോഭങ്ങൾ ആവശ്യമായി വരുന്നില്ല.

പുതിയ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണം

145 [308] ശ്രീ. കെ. എൻ. എ. ഖാദർ:
,, ടി. പി. എം. സാഹിർ:
,, സി. മോയിൻകുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ട്;

(ബി) ഈ ഹോസ്റ്റലുകളിൽ എത്ര വിദ്യാർത്ഥികൾക്ക് താമസ സൗകര്യം ഉണ്ട്;

(സി) എല്ലാ പോസ്റ്റുമെട്രിക് വിദ്യാർത്ഥികൾക്കും താമസ സൗകര്യം ലഭ്യമാക്കാൻവേണ്ട ഹോസ്റ്റലുകൾ പണിയുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ പണി എപ്പോഴത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒന്നും പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 16-ഉം പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലിൽ 30 വിദ്യാർത്ഥികൾക്ക് താമസസൗകര്യമുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ചീമേനിയിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കാൻ നടപടി

146 [309] ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എഞ്ചിനീയറിംഗ് കോളേജും അപ്ലൈഡ് സയൻസ് കോളേജും ഉൾപ്പെടെ വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന ചീമേനിയിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച സ്ഥലം എം.എൽ.എ.-യുടെ നിവേദനം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) നിർദ്ദിഷ്ട പോസ്റ്റുമെട്രിക് ഹോസ്റ്റൽ 2004-2005 വർഷം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ചീമേനിയിൽ പോസ്റ്റുമെട്രിക് ഹോസ്റ്റൽ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള എം.എൽ.എ.-യുടെ നിവേദനം ലഭിച്ചിട്ടുണ്ട്. സാദ്ധ്യതാ പഠനം നടത്തിവരുന്നു.

അംബേദ്ക്കർ ഭവന്റെ നിർമ്മാണ പ്രവർത്തനം

147 [310] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ മണ്ണന്തലയിലുള്ള നിർദ്ദിഷ്ട അംബേദ്ക്കർ ഭവന്റെ നിർമ്മാണ പ്രവർത്തങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) അംബേദ്ക്കർ ഭവൻ എന്നു മുതൽ പ്രവർത്തിച്ചു തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ;

---

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly